പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 49

Published on 26-09-2021

# 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 49

# 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

1410/2021.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 49

# 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

വഖഫ് ബോർഡിന്റെ കീഴിലുള്ള ഭരണപരമായ സർവ്വീസുകളെ സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ചില കൂടുതൽ ചുമതലകൾ നിർവ്വഹിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.— വഖഫ് ബോർഡിന്റെ കീഴിലുള്ള ഭരണപരമായ സർവ്വീസുകളിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനം സംബന്ധിച്ചും അവരുടെ സേവന വ്യവസ്ഥകൾ സംബന്ധിച്ചും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ചില കൂടുതൽ ചുമതലകൾ നിർവ്വഹിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.— (1) ഈ ആക്റ്റിന് 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2021 ജനുവരി 18-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.— ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ബി) "പബ്ലിക് സർവ്വീസ് കമ്മീഷൻ" എന്നാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നർത്ഥമാകുന്നു;

(സി) "സർവ്വീസുകൾ" എന്നാൽ വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ എന്നർത്ഥമാകുന്നു;

(ഡി) "വഖഫ് ബോർഡ്" എന്നാൽ 1995-ലെ വഖഫ് ആക്റ്റിലെ (1995-ലെ 43-ാം കേന്ദ്ര ആക്റ്റ്) 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള സംസ്ഥാന വഖഫ് ബോർഡ് എന്നർത്ഥമാകുന്നു.

3. <u>വഖഫ് ബോർഡിന്റെ കീഴിലുള്ള ഭരണപരമായ സർവ്വീസുകളെ സംബന്ധിച്ച് പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതലകൾ</u>.—(1) വഖഫ് ബോർഡിലെ ഭരണപരമായ സർവ്വീസുകളിലെ എല്ലാ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നേരിട്ടുള്ള നിയമനം വഴി നിയമിക്കുന്നതിനു വേണ്ടി മുസ്ലീം സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കേണ്ടത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതലയായിരിക്കുന്നതാണ്.

(2) വഖഫ് ബോർഡ്, പബ്ലിക് സർവ്വീസ് കമ്മീഷനുമായി,—

(എ) വഖഫ് ബോർഡിനുകീഴിലുള്ള ഭരണപരമായ സർവ്വീസുകളിലെ തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനം സംബന്ധിച്ച കാര്യങ്ങളിലും;

(ബി) വഖഫ് ബോർഡിനുകീഴിലെ ഭരണപരമായ സർവ്വീസുകളിൻ കീഴിലുള്ള തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനം വഴി നിയമനം നടത്തുന്നതിന് പാലിക്കേണ്ട തത്വങ്ങളിന്മേലും അങ്ങനെയുള്ള നിയമനങ്ങളിലേക്കുള്ള ഉദ്യോഗാർത്ഥികളുടെ അനുയോജ്യത സംബന്ധിച്ചും;

കൂടിയാലോചിക്കേണ്ടതും, അപ്രകാരം കൂടിയാലോചിക്കപ്പെടുന്ന ഏതൊരു കാര്യത്തിൻമേലും ഉപദേശം നൽകേണ്ടത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ കർത്തവ്യമായിരിക്കുന്നതുമാണ്:

എന്നാൽ, സാമാന്യമായതോ ഏതെങ്കിലും പ്രത്യേക സംഗതിയിലോ പ്രത്യേക വിഭാഗം സംഗതികളിലോ ഏതെങ്കിലും പ്രത്യേക സാഹചര്യത്തിലോ പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കേണ്ടതില്ലാത്ത സംഗതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുന്ന ചട്ടങ്ങൾ സർക്കാരിന് ഉണ്ടാക്കാവുന്നതാണ്.

(3) പബ്ലിക് സർവ്വീസ് കമ്മീഷനും വഖഫ് ബോർഡും തമ്മിൽ ഏതെങ്കിലും കാര്യത്തിൽ എന്തെങ്കിലും അഭിപ്രായവ്യത്യാസമുള്ള പക്ഷം, വഖഫ് ബോർഡ് ആ കാര്യം സർക്കാരിലേക്ക് റഫർ ചെയ്യേണ്ടതും, അതിൻമേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്:

എന്നാൽ, സർക്കാർ, പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിനെതിരായി ഒരു തീരുമാനം എടുക്കുന്നതിനുമുമ്പ് ആ സംഗതി പബ്ലിക് സർവ്വീസ് കമ്മീഷന് റഫർ ചെയ്യേണ്ടതാണ്.

4. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം</u>.—(1) സർക്കാരിന്, ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിലേക്കായി, പബ്ലിക് സർവ്വീസ് കമ്മീഷനുമായും വഖഫ് ബോർഡുമായും കൂടിയാലോചിച്ച്, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങളിൽ,—

(എ) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കുന്നതിന് വഖഫ് ബോർഡ് അനുവർത്തിക്കേണ്ടതായ നടപടിക്രമം;

(ബി) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കുന്ന കാര്യത്തിന് ആനുഷംഗികമോ ആവശ്യമോ ആയ ഏതെങ്കിലും സംഗതി;

എന്നിവ വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) ഈ ആക്റ്റിൻകീഴിലുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനു ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസകാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ്, നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുകയോ, അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന്, അതിനു ശേഷം, അതതു സംഗതിപോലെ, അങ്ങനെ ഭേദഗതി വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്ത ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

5. <u>റദ്ദാക്കലും ഒഴിവാക്കലും</u>.—(1) 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഓർഡിനൻസ് (2021-ലെ 118) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

# ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1995-ലെ വഖഫ് ആക്റ്റിന്റെ (1995-ലെ 43-ാം കേന്ദ്ര ആക്റ്റ്) 24-ാം വകുപ്പ് (2)-ാം ഉപവകുപ്പ്, വഖഫ് ബോർഡിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനവും അവരുടെ ഔദ്യോഗിക കാലാവധിയും റെഗുലേഷനുകളിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കുന്നു. 1995-ലെ വഖഫ് ആക്റ്റിന്റെ 110-ാം വകുപ്പ് ബോർഡിന്, സംസ്ഥാന സർക്കാരിന്റെ മുൻകൂർ അനുമതിയോടെ, ഈ ആക്റ്റിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഈ ആക്റ്റിലെയും അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത റെഗുലേഷനുകൾ ഉണ്ടാക്കാമെന്ന് വ്യവസ്ഥ ചെയ്യുന്നു. 2016-ലെ കേരള സംസ്ഥാന വഖഫ് ബോർഡ് റെഗുലേഷനുകളിലെ റെഗുലേഷൻ 5(1), സബ്-റെഗുലേഷൻ (2) പ്രകാരം, നേരിട്ടുള്ള നിയമനം നടത്തുന്ന, ബോർഡിലെ ഭരണപരമായ സർവ്വീസിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും എല്ലാ നിയമനങ്ങളും, കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അധിക ചുമതലകൾ വിനിയോഗിക്കുന്നതിന് വേണ്ടി ഉണ്ടാക്കുന്ന നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, നൽകുന്ന മുസ്ലീം മതവിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ സെലക്റ്റ് ലിസ്റ്റിൽ നിന്നും നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. അതിനാൽ വഖഫ് ബോർഡിലെ ഭരണപരമായ സർവ്വീസുകളിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനങ്ങൾ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുവാനായി, പ്രസ്തുത ആവശ്യത്തിലേയ്ക്ക് ഒരു നിയമനിർമ്മാണം നടത്തുവാൻ സർക്കാർ തീരുമാനിച്ചു.

2. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും, 2020-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഓർഡിനൻസ്, 2020 ജൂൺ 27-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2020 ജൂൺ 29-ാം തീയതിയിലെ 1620-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2020-ലെ 36-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

3. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, 2020 ആഗസ്റ്റ് 24-ാം തീയതി ചേർന്ന കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

4. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും, 2020-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ

സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഓർഡിനൻസ്, 2020 സെപ്റ്റംബർ 26-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2020 സെപ്റ്റംബർ 29-ാം തീയതിയിലെ 2200-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2020-ലെ 52-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, 2020 ഡിസംബർ 31-ാം തീയതി ചേർന്ന കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിലും 2021 ജനുവരി 8-ാം തീയതി ആരംഭിച്ച് 2021 ജനുവരി 22-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്തും നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

6. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും, 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഓർഡിനൻസ്, 2021 ഫെബ്രുവരി 9-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2021 ഫെബ്രുവരി 10-ാം തീയതിയിലെ 659-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 2-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

7. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, കേരള സംസ്ഥാന നിയമസഭയുടെ 2021 മേയ് 24-ാം തീയതി ആരംഭിച്ച് 2021 ജൂൺ 10-ാം തീയതി അവസാനിച്ച സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

8. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും, 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഓർഡിനൻസ്, 2021 ജൂലൈ 1-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2021 ജൂലൈ 2-ാം തീയതിയിലെ 1919-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 58-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

9. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, കേരള സംസ്ഥാന നിയമസഭയുടെ 2021 ജൂലൈ 22-ാം തീയതി ആരംഭിച്ച് 2021 ആഗസ്റ്റ് 13-ാം തീയതി അവസാനിച്ച സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

10. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും, 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഓർഡിനൻസ്, 2021 ആഗസ്റ്റ് 23-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2021 ആഗസ്റ്റ് 25-ാം തീയതിയിലെ 2468-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 118-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

11. 2021-ലെ 118-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്ട് കൊണ്ടു വരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 3-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം (ബി) ഇനത്തിന്റെ ക്ലിപ്തനിബന്ധന, സാമാന്യമായതോ ഏതെങ്കിലും പ്രത്യേക സംഗതിയിലോ പ്രത്യേക വിഭാഗം സംഗതികളിലോ ഏതെങ്കിലും പ്രത്യേക സാഹചര്യത്തിലോ പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കേണ്ടതില്ലാത്ത സംഗതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുവാൻ ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. ബില്ലിലെ 4-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, ആക്ടിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിലേക്കായി കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായും വഖഫ് ബോർഡുമായും കൂടിയാലോചിച്ച് ചട്ടങ്ങൾ ഉണ്ടാക്കുന്നതിന്, സർക്കാരിനെ അധികാരപ്പെടുത്തുന്നു.

3. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നത്, അവ നടപടിക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയവയോ ആകുന്നു. കൂടാതെ, അപ്രകാരമുള്ള ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം അതിനാൽ സാധാരണ സ്വഭാവത്തോടു കൂടിയതാണ്.

വി. അബ്ദുറഹിമാൻ.